**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*218.** 12.02.2019 ൽ മറുപടിയ്ക്ക്

**ന്യൂജെൻ മയക്കമരുന്നുകളുടെ ഉപഭോഗം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | പുതുതലമുറയിൽപ്പെട്ട മയക്കമരുന്നുകളുടെ വ്യാപനം വർദ്ധിച്ച് വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | കണ്ടെത്തിയിട്ടില്ല. |
| (ബി) | പല രൂപത്തിലും പല ഭാവത്തിലുമുള്ള ന്യൂജെൻ മയക്കമരുന്നുകൾ തിരിച്ചറിയാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ ഉള്ളത്; വിശദമാക്കുമോ; | (ബി) | ന്യൂജെൻ മയക്കമരുന്നുകൾ തിരിച്ചറിഞ്ഞ് കേസ്സുകൾ കണ്ടുപിടിക്കുന്നതിന് ആവശ്യമായ പ്രാഥമിക പരിശോധന നടത്തി ഉറപ്പുവരുത്തുന്നതിലേയ്ക്ക് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയിൽ നിന്നും ലഭിക്കുന്ന ഡ്രഗ് ഐഡന്റിഫിക്കേഷൻ കിറ്റുകൾ ഫീൽഡ് ഓഫീസുകളിൽ ഉപയോഗിച്ച് പരിശോധന നടത്തി തിരിച്ചറിയുന്നുണ്ട്. |
| (സി) | മയക്കമരുന്നുകളുടെ ഉപഭോഗം വർദ്ധിച്ചുവരുന്നത് തടയാൻ സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ? | (സി) | മയക്ക് മരുന്ന് ഉപയോഗത്തിലേക്ക് മാറിയിട്ടുള്ള ആളുകളെ മയക്ക് മരുന്ന് ഉപയോഗത്തിൽ നിന്നും മോചിപ്പിക്കുന്നതിനും ഇത്തരത്തിൽ അടിമപ്പെട്ടവരെ ബോധവത്കരിച്ച് പുനരധിവസിപ്പിക്കുന്നതിനുമായി 'വിമുക്തി' മിഷന്റെ കീഴിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.<br>സ്കൂൾ കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. നിലവിൽ കോളേജ് തലത്തിൽ 511 ക്ലബ്ബുകളും സ്കൂൾ തലത്തിൽ 2761 ക്ലബ്ബുകളും പ്രവർത്തിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ലഹരിക്കെതിരെ "കായിക ലഹരി" എന്ന സന്ദേശം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി കുട്ടികളെയും യുവാക്കളെയും കായികരംഗത്തേക്ക് കൈപിടിച്ചു നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ സംസ്ഥാന സ്പോർട്സ് കൗൺസിൽ മറ്റ് സ്പോർട്സ് അസോസിയേഷനുകൾ എന്നിവയുമായി സഹകരിച്ചു കൊണ്ട് നടത്തി വരുന്നു.<br>മയക്ക്മരുന്ന് കടത്ത് തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും ശക്തമാക്കിയിട്ടുണ്ട്. കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകൾ ആധുനികവൽക്കരിച്ച് പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുമുണ്ട്. ഇതിനൊപ്പം വാഹന പരിശോധനകൾ കർശനമാക്കുകയും ചെയ്തു. തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായും ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ**